1. ഇ.ബി. XIII-കേരള നിയമസഭ/XI-12

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂൺ 24, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തര പ്രമേയം

### മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

മി.സ്പീക്കർ: പഞ്ഞമാസക്കാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യപദ്ധതി ആനുകൂല്യങ്ങളും പെൻഷൻ പദ്ധതിയും കടാശ്വാസ പദ്ധതിയും മുടങ്ങിയതുമൂലവും മണ്ണെണ്ണയ്ക്ക് രൂക്ഷമായ വിലക്കയറ്റം നേരിട്ടുകൊണ്ടിരിക്കുന്നതിനാലും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ജീവിതം കടുത്ത പ്രതിസന്ധി നേരിടുകയും തീരദേശ വികസന പദ്ധതി

നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിക്കുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി.കെ. ഗുരുദാസൻ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ട സമാശ്വാസ പദ്ധതിയുടെ ആദ്യഗഡു വിതരണം ചെയ്യുന്നതിനായി ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. രണ്ടും മൂന്നും ഗഡുക്കൾ ഉടൻതന്നെ നൽകുന്നതാണ്. ഈ മേഖലയിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവിൽ കുറവുവരുത്തിയിട്ടില്ല. കേരളത്തിൽ ഓണം, വിഷു, ക്രിസ്തുമസ്സ് സീസണുകളിലാണ് മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നത്. കടാശ്വാസത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് ആഗ്രഹിച്ചതുപോലെ കാര്യങ്ങൾ മുന്നോട്ടുപോയിട്ടില്ല. പുതിയ മേഖലകളിലേക്ക് കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ഗുരുദാസൻ: ട്രോളിംഗ് നിരോധനം, കടലാക്രമണം, മത്സ്യ ലഭ്യതയുടെ കുറവ് എന്നിവ മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുകയാണ്. കടലാക്രമണംമൂലം പതിനായിരക്കണക്കിന്

വീടുകളും ലക്ഷക്കണക്കിന് രൂപയുടെ മത്സ്യബന്ധനോപകരണങ്ങളും നശിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളി പെൻഷനും വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും കുടിശ്ശികയാണ്. കടാശ്വാസ കമ്മീഷന്റെയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെയും മത്സ്യഫെഡിന്റെയും പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ഈ മേഖലയിലെ നിരവധി കുടുംബങ്ങൾ ജപ്തി നടപടി നേരിടുകയാണ്. കായൽ കയ്യേറ്റംമൂലം മത്സ്യസമ്പത്ത് കുറയുകയും ആ മേഖല തകർച്ച നേരിടുകയുമാണ്. കടലാക്രമണ പ്രതിരോധത്തിനായി പുലിമുട്ടുകൾ സ്ഥാപിക്കാനും തങ്കശ്ശേരി ഫിഷിംഗ് ഹാർബർ വികസനം അടിയന്തരമായി നടപ്പാക്കാനും 60 നോട്ടിക്കൽ മൈൽവരെ മത്സ്യബന്ധനം നടത്താനുള്ള നിയമപരമായ അവകാശം ലഭ്യമാക്കാനും ഫിഷറീസ് മന്ത്രാലയം വേണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ അവതരിപ്പിക്കാനും നടപടി സ്വീകരിക്കണം. കോടിക്കണക്കിന് രൂപ വിദേശനാണ്യം നേടിത്തരുന്ന മത്സ്യബന്ധന മേഖലക്ക് യാതൊരു സഹായവും കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നില്ല. ആദിവാസികളെക്കാൾ പ്രയാസകരമായ ജീവിതം നയിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : മത്സ്യത്തൊഴിലാളി പെൻഷൻ 600 രൂപയായി ഉയർത്തി അർഹരായവർക്ക് ബാങ്കുവഴി കൃത്യസമയത്ത് നൽകുന്നതിനും അവർക്ക് ഭവനനിർമ്മാണത്തിനായി നൽകിവരുന്ന തുക 2,00,000 രൂപയായി ഉയർത്തുന്നതിനും മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ വീടുകൾ നിർമ്മിക്കുന്നതിന് 2,50,000 രൂപ വീതം അനുവദിക്കുന്നതിനും സാധിച്ചിട്ടുണ്ട്. തണൽ പദ്ധതിയനുസരിച്ച് നൽകേണ്ട കുടിശ്ശിക ഒരാഴ്ചയ്ക്കുള്ളിൽ നൽകുന്നതിനും സമാശ്വാസ പദ്ധതിയനുസരിച്ച് മൂന്ന് ഗഡുക്കളായി നൽകിവരുന്ന തുക ഒറ്റ ഗഡുവായി നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ട്രോളിംഗ് നിരോധന സമയത്ത് നൽകാറുള്ള സൗജന്യറേഷൻ ഈ വർഷവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണ അവരുടെ ആവശ്യത്തിന് തികയാതെ വരുന്നതിനാൽ തീരദേശ മേഖലയിൽ 12 മണ്ണെണ്ണ പമ്പുകൾ സ്ഥാപിച്ച് ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം പമ്പുകളിലൂടെ ഓപ്പൺ മാർക്കറ്റിൽ കിട്ടുന്നതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 6,573 വീടുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും നൽകുന്നതിനുള്ള ഉത്തരവും നൽകിയിട്ടുണ്ട്. കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സ്തംഭിച്ചു എന്നുപറയുന്നത് ശരിയല്ല. നേരത്തെ ഉൾപ്പെടാതിരുന്ന കുറച്ചു സ്ഥാപനങ്ങളെക്കൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരികയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചർച്ച ചെയ്ത് പാക്കേജുണ്ടാക്കുകയും അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നീട്ടിനൽകുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാര്യക്ഷമതയോടെയാണ് സർക്കാർ കൈകാര്യം ചെയ്യുന്നത്. ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സാങ്കേതികമായ പ്രശ്നങ്ങളൊഴിവാക്കി മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസ പദ്ധതിയനുസരിച്ചുള്ള തുക യഥാസമയം നൽകുന്ന കാര്യം ക്യാബിനറ്റ് ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. കടാശ്വാസം നൽകുന്നതിനും ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവയിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

( അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) ജലമലിനീകരണത്തിന് പരിഹാരം

ശ്രീ. ബെന്നി ബെഹനാൻ: കൊച്ചി നഗരത്തിൽ ഹോട്ടലുകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും നിന്നുള്ള മാലിന്യങ്ങളും വേലിയേറ്റത്തെത്തുടർന്നുണ്ടാകുന്ന ചെളിയും കനാലുകളിൽ നിക്ഷേപിക്കപ്പെടുന്നതിനാൽ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും കൊതുക് ശല്യം വർദ്ധിക്കുകയും പകർച്ചവ്യാധികൾ പടരുകയും ചെയ്യുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി കനാലുകളിൽ പാർശ്വഭിത്തി കെട്ടുകയും അടിഞ്ഞുകൂടിയിട്ടുള്ള ചെളി നീക്കംചെയ്യുകയും ഖര-ദ്രവ്യ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കർശനമായി നിരോധിക്കുകയും കനാലുകളിലുടനീളം ഒഴുക്ക് സൃഷ്ടിക്കാനും അടിത്തട്ട് ഇളകാനുമുതകുന്ന തരത്തിലുള്ള സ്റ്റാന്റ് ബൈ മോട്ടോറുള്ള പ്ലാറ്റ്ഫോം സ്ഥാപിക്കുകയും ചെയ്യണം. സെപ്റ്റേജ് ഉൾപ്പെടെയുള്ള വിസർജ്യവസ്തുക്കളും ഹോട്ടലുകളിൽ നിന്നുള്ള മാലിന്യങ്ങളും തോടുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നതിനാൽ കൊച്ചിയിലെ ശുദ്ധജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെക്കൂടുതലാണ്. ജലമലിനീകരണം തടയുന്നതിനുവേണ്ടി തയ്യാറാക്കിയ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിനും ബ്രഹ്മപുരത്ത്

മാലിന്യ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. മിഷൻ 676-ൽ ഉൾപ്പെടുത്തി കൊച്ചിയിലെയും പരിസര പ്രദേശങ്ങളിലെയും കനാലുകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം വിളിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കൊച്ചിൻ കോർപ്പറേഷന്റെ കീഴിലുള്ള 5 ഡിവിഷനുകളിൽ 4 കി.മീ. ചുറ്റളവിലുള്ള പ്രദേശത്താണ് കേരള വാട്ടർ അതോറിറ്റിയുടെ സ്വീവേജ് സംവിധാനം നിലവിലുള്ളത്. ഇളംകുളം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലാണ് സ്വീവേജ് മാലിന്യങ്ങൾ സംസ്കരിക്കുന്നത്. സ്വീവേജ് സംവിധാനം നിലവിലില്ലാത്ത കൊച്ചി കോർപ്പറേഷന്റെ മറ്റ് ഡിവിഷനുകളിലേയും സമീപ പഞ്ചായത്തുകളിലേയും ഖരമാലിന്യങ്ങൾ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ സംസ്കരിച്ച് വൈദ്യുതിയുണ്ടാക്കുന്നതിനും ജലമലിനീകരണം പരിഹരിക്കാനായി ബ്രഹ്മപുരത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കെ.എസ്.യു.ഡി.പി. മുഖേന നടപ്പാക്കുന്ന പ്രസ്തുത പദ്ധതികൾക്ക് സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊച്ചി നഗരത്തിലും

സമീപപ്രദേശങ്ങളിലുമുള്ള വീടുകളിലെയും സ്ഥാപനങ്ങളിലെയും ഖരമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിച്ച് ജൈവവളവും ബയോഗ്യാസുമുണ്ടാക്കുന്നതിനുള്ള പദ്ധതിക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻവഴി സാങ്കേതിക-സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വാർഡൊന്നിന് പതിനായിരം രൂപ വീതം ശുചിത്വമിഷൻ വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി പൊതുസ്ഥലങ്ങളിലെ ഒഴിഞ്ഞ പറമ്പുകളിലെയും ജലാശയങ്ങളിലെയും ഖരമാലിന്യങ്ങൾ നീക്കം ചെയ്യൽ, കൊതുക് നിവാരണം തുടങ്ങിയ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി വരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൊച്ചി നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്നത് സർക്കാരിന്റെ പ്രയോറിറ്റിയിലുള്ള കാര്യമാണ്. ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് നടത്തുന്നതാണ്.

## (2) സി.ആർ.ഇസഡ്. പ്രകാരമുള്ള നിയന്ത്രണങ്ങൾ പിൻവലിക്കൽ

ശ്രീ. എസ്. ശർമ്മ: മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന അവകാശങ്ങൾ നിഷേധിക്കുന്നതും തീരദേശവാസികൾക്ക് വിലക്ക് പ്രഖ്യാപിക്കുന്നതുമായ

സി.ആർ.ഇസഡ്. വിജ്ഞാപനപ്രകാരമുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുകയും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള തീരദേശ പാക്കേജ് നടപ്പാക്കുകയും ചെയ്യണം. സി.ആർ.ഇസഡ്.-ന്റെ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിൽ സംസ്ഥാനം നിർദ്ദേശിച്ച ഭേദഗതികൾ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലേക്കുള്ള കടന്നുകയറ്റവും ഭരണഘടനാ ലംഘനവുമാണ് ഈ നിയമത്തിലൂടെ കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത്. തീരദേശവാസികളുടെ ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇതിനെതിരായി നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും തീരദേശ പാക്കേജ് നടപ്പാക്കാൻ സർക്കാർ മുൻകയ്യെടുക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 15-11-2010-നുമുമ്പ് സംസ്ഥാനത്തിന്റെ അഭിപ്രായം അറിയിക്കാത്തതുകൊണ്ടാണ് 06-01-2011-ലെ ഫൈനൽ നോട്ടിഫിക്കേഷനിൽ കേരളത്തിന്റെ നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പരിഗണിക്കാതിരുന്നത്. സി.ആർ.ഇസഡ്. പ്രകാരമുള്ള നിർദ്ദേശങ്ങൾ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത

നോട്ടിഫിക്കേഷനിൽ അടിയന്തരമായി മാറ്റം വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ടുള്ള സമിതിയുടെ ശുപാർശകൾ അയച്ചുകൊടുക്കണമെന്ന് അറിയിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ സ്വീകരിച്ച് ഇക്കാര്യത്തിൽ ആവശ്യമായ മാറ്റം വരുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. സമഗ്ര തീരദേശ പരിപാലനത്തിനായി അഞ്ഞൂറ് കോടി രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാർ അംഗീകരിച്ച് വേൾഡ് ബാങ്കിന് അയച്ചുകൊടുത്തിട്ടുണ്ട്. സി.ആർ.ഇസഡ് നിയമത്തിൽ മാറ്റങ്ങൾ വരുത്താൻ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. തീരദേശവാസികളുടെ ജീവിതപ്രശ്നങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ചീഫ് സെക്രട്ടറിയെക്കുറിച്ച് പ്രതിപക്ഷനേതാവ് ഉന്നയിക്കുന്ന ആക്ഷേപം സംബന്ധിച്ച് മുൻകൂട്ടി എഴുതിക്കൊടുക്കണമെന്നും ഇത് സബ്മിഷനുശേഷം ഉന്നയിക്കാൻ അവസരം നൽകുന്നതാണെന്നും ഡെപ്യൂട്ടി സ്പീക്കർ അറിയിച്ചു.)

## സബ്മിഷൻ

### (1) മോട്ടോർ വാഹന തൊഴിലാളികളുടെ നിയമസഭാ മാർച്ച്

ശ്രീ. എളമരം കരീം: മോട്ടോർ വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ അമിത ടാക്സ്

വർദ്ധനവ് അടക്കമുള്ള കാര്യങ്ങൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുമായും തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്ത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മോട്ടോർ വാഹന തൊഴിലാളികളുടെ ടാക്സ് വർദ്ധനവ് അടക്കമുള്ള വിവിധ ആവശ്യങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സംയുക്ത സമരസമിതി പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ടാക്സ് വർദ്ധനവ് പിൻവലിക്കണമെന്ന ആവശ്യം സർക്കാർ ഗൗരവമായി കാണുന്നു. ധനകാര്യം-ഗതാഗതം- തൊഴിൽ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനായി ഉടൻതന്നെ യോഗം കൂട്ടുന്നതാണ്.

## (2) പൊന്നാനി -വെങ്ങളം തീരദേശപാത

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പൊന്നാനി- വെങ്ങളം തീരദേശ പാത നിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംയുക്തയോഗം വിളിച്ചുചേർക്കുന്നതിനും പ്രസ്തുത റോഡ് നിർമ്മാണം മിഷൻ 676-ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പൊന്നാനി-വെങ്ങളം തീരദേശപാത

നിർമ്മാണത്തിന്റെ ആദ്യഘട്ടമായ പറവണ്ണ മുതൽ ആശാൻപടി വരെയുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചുവരികയാണ്. ചീരാൻ കടപ്പുറം മുതൽ താനൂർ വരെയുള്ള ശേഷിച്ച റോഡിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട എതിർപ്പുകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തിയുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് റോഡ് നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നതാണ്.

## (3) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് സോഫ്റ്റ് വെയർ

ശ്രീ. എ. എം. ആരിഫ്: സർക്കാർ സ്ഥാപനങ്ങളിലെയും കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായി സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നിയമനാധികാരികൾ ഒഴിവുകൾ പി.എസ്.സി.-യെ ഇ-മെയിൽ വഴി അറിയിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 01-08-2014 മുതൽ ഇ-മെയിൽ മുഖേന മാത്രമേ

ഒഴിവുകൾ റിപ്പോർട്ട് ചെയ്യാവൂയെന്ന് വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമന ശുപാർശ നൽകുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യാത്ത വകുപ്പുമേധാവികളുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

## (4) മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നിർമ്മാണം

ശ്രീ. എ. പ്രദീപ് കുമാർ: കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതിനാവശ്യമായ പണം ലഭ്യമാക്കി പ്രസ്തുത റോഡ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഭൂമി ഏറ്റെടുക്കുന്നതിനുള്ള എതിർപ്പും ഉയർന്ന സാമ്പത്തിക ചെലവുമാണ് മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത്. ധനകാര്യ-പൊതുമരാമത്ത് വകുപ്പുമന്ത്രിമാരുമായി ആലോചിച്ച് പ്രസ്തുത റോഡ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (5) നിസ് ലയുടെ ആത്മഹത്യ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: മലപ്പുറം ജില്ലയിലെ അരീക്കോട് എസ്.ഒ.എച്ച്.എസ്.-ലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി നിസ്‌ല ആത്മഹത്യ ചെയ്യാനുണ്ടായ സംഭവത്തെക്കുറിച്ച് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്താനും ഉത്തരവാദികൾക്കെതിരെ അടിയന്തര നടപടി സ്വീകരിക്കാനും തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : മലപ്പുറം ജില്ലയിലെ അരീക്കോട് എസ്.ഒ.എച്ച്.എസ്-ലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയായ നിസ്‌ല 02-05-2014-ന് വീട്ടിലെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. കുട്ടിയുടെ പിതാവിന്റെ സഹോദരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ അരീക്കോട് പോലീസ് സ്റ്റേഷനിൽ അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും മരണപ്പെട്ട നിസ്‌ലയുടെ കുടുംബാംഗങ്ങൾ, സഹപാഠികൾ, അദ്ധ്യാപകർ മുതലായവരിൽനിന്നും മൊഴി രേഖപ്പെടുത്തുകയുമുണ്ടായി. വീട്ടിൽനിന്നും കണ്ടെടുത്ത ആത്മഹത്യാക്കുറിപ്പ് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ മുഖാന്തിരം അരീക്കോട് പോലീസ്

സബ് ഇൻസ്പെക്ടറെ ഏൽപ്പിക്കുകയും ആയത് പരിശോധിച്ചതിൽ പരീക്ഷയിൽ തോറ്റതിലുള്ള മനോവിഷമത്താലാണ് നിസ്‌ല ആത്മഹത്യ ചെയ്തതെന്ന് വെളിവായിട്ടുമുണ്ട്. നിസ്‌ലയെ മന:പൂർവ്വം തോൽപ്പിച്ചതാണെന്നുള്ള ആരോപണമുണ്ടായ സാഹചര്യത്തിൽ പ്രസ്തുത വിഷയങ്ങൾക്ക് മാർക്ക് കുറഞ്ഞതിൽ എന്തെങ്കിലും ക്രമക്കേട് നടന്നിട്ടുണ്ടോയെന്നറിയുന്നതിനായി പരീക്ഷാപേപ്പറുകൾ പരിശോധിക്കുന്നതിന് മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന സർക്കാർ അനുവദിച്ച 5 ലക്ഷം രൂപ കുട്ടിയുടെ കുടുംബത്തിന് നൽകിയിട്ടുണ്ട്.

## (6) മയക്കുമരുന്ന് ഉപയോഗം

ശ്രീ. സണ്ണി ജോസഫ്: വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയാനും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഇത്തരം കേസുകൾക്കെതിരെ നടപടി സ്വീകരിക്കാനും വിദ്യാർത്ഥികൾക്കിടയിൽ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനാവശ്യമായ ബോധവൽക്കരണം കുട്ടികളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കാനും നടപടി

സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസര പ്രദേശങ്ങളിൽ നിരോധിക്കപ്പെട്ട പുകയില ഉല്പന്നങ്ങളും മയക്കുമരുന്നുകളും വ്യാപകമായി വിൽക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്റലിജൻസിന്റെയും വിവിധ ഏജൻസികളുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന പരിപാടി ആരംഭിക്കുകയും പോലീസിന്റെ നേതൃത്വത്തിൽ നിരവധി റെയ്ഡുകൾ നടത്തുകയും 1700-ഓളം ആളുകളെ അറസ്റ്റ് ചെയ്യുകയുമുണ്ടായിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിലും പൊതുസ്ഥലങ്ങളിലും വ്യാപകമായ റെയ്ഡും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

## (7) എസ്.എഫ്.ഐ. അക്രമം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കണ്ണൂരിലെ തോട്ടട ഗവൺമെന്റ്

ഐ.ടി.ഐ.-യിൽ പ്രവേശനം നേടുന്നതിനുള്ള അപേക്ഷാഫോറം വാങ്ങാൻവന്ന വികലാംഗനായ വിദ്യാർത്ഥിയെയും പിതാവിനെയും ഒരു വിഭാഗം എസ്.എഫ്.ഐ.ക്കാ ർ ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 21-06-2014-ന് കണ്ണൂർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള എടക്കാട് തോട്ടട ഗവൺമെന്റ് ഐ.ടി.ഐ.-യിൽ വച്ച് വികലാംഗനും കെ.എസ്.യു. അനുഭാവിയുമായ വിദ്യാർത്ഥിയെയും പിതാവിനെയും എസ്.എഫ്.ഐ. വിദ്യാർത്ഥികൾ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ 11 പേരെ പ്രതികളാക്കി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് എടക്കാട് പോലീസ് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## (8) 66 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. ജോസഫ് വാഴക്കൻ: മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിലെയും സമീപ പ്രദേശങ്ങളിലേയും വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി

പേട്ടയിൽ 66 കെ. വി. സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മൂവാറ്റുപുഴ പേട്ടയിൽ 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ലഭ്യമായിട്ടുള്ള സ്ഥലത്തിന്റെ വില കൂടുതലായ സാഹചര്യത്തിൽ ഹൈബ്രിഡാക്കി മാറ്റാൻ കഴിയുമോയെന്ന കാര്യം ഗവൺമെന്റ് ആലോചിക്കുകയാണ്. സ്ഥല ലഭ്യതക്കനുസൃതമായി പദ്ധതി നടപ്പിലാക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

## (9) വൈദ്യുതി തകരാറിന് പരിഹാരം

ശ്രീ. റോഷി അഗസ്റ്റിൻ: കട്ടപ്പന ഇലക്ട്രിക്കൽ സബ് ഡിവിഷനു കീഴിൽ തുടർച്ചയായി ഉണ്ടാകുന്ന വൈദ്യുതി തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കട്ടപ്പന-നെടുങ്കണ്ടം ഭാഗത്തെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനായി കുഴിമല-വാഴത്തോപ്പ് ഭാഗത്തെ 66KV സിംഗിൾ സർക്യൂട്ട് ഡബിൾ സർക്യൂട്ട് ആക്കുന്നതിനും കുത്തുങ്കൽ - നെടുങ്കണ്ടം ഭാഗത്ത് 110 KV സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയായാൽ കട്ടപ്പന -നെടുങ്കണ്ടം ഭാഗത്തെ വോൾട്ടേജ് പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കും.

## (10) അദ്ധ്യയന ദിവസം കുറയ്ക്കൽ

ശ്രീ. വി. പി. സജീന്ദ്രൻ: സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യയന ദിവസങ്ങൾ അഞ്ച് ആക്കിക്കൊണ്ടുള്ള തീരുമാനം നടപ്പിലാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): നിലവിലുള്ള അദ്ധ്യയന സമയത്തിൽ കുറവുവരുത്താതെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തിദിനങ്ങൾ അഞ്ചാക്കുന്നതു സംബന്ധിച്ച് എസ്.സി. ഇ.ആർ.ടി. ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി തലത്തിലെ പ്രവൃത്തി ദിനങ്ങൾ ആഴ്ചയിൽ അഞ്ച് ആക്കണമെന്ന പ്രൊഫ. ലബ്ബ കമ്മിറ്റിയുടെ ശുപാർശ 2014 ജൂലൈ 1 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## (11) സോഫ്റ്റ് ബാൾ ദേശീയ ഗെയിംസ് ഇനമാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ: 2014-15 -ലെ ദേശീയ ഗെയിംസിൽ സോഫ്റ്റ് ബാൾ ഒരു ഇനമായി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ദേശീയ ഗെയിംസിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ അവസാന ഘട്ടത്തിലായതിനാൽ സോഫ്റ്റ് ബാളിനെക്കൂടി ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. അടുത്ത ദേശീയ ഗെയിംസിൽ സോഫ്റ്റ് ബാളിനെക്കൂടി

ഉൾപ്പെടുത്തണമെന്ന് ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനോട് അഭ്യർത്ഥിക്കുന്നതാണ്.

## (12) റോഡുകളിൽ നിരീക്ഷണ ക്യാമറകൾ

ശ്രീ. സി. എഫ്. തോമസ്: വാഹനങ്ങളുടെ അമിതവേഗവും റോഡ് നിയമങ്ങളുടെ ലംഘനവും കുറയ്ക്കുന്നതിന് കൂടുതൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): റോഡപകടങ്ങളും ഗതാഗത നിയമലംഘനങ്ങളും കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ഓട്ടോമേഷൻ ഓഫ് എൻഫോഴ്സ്മെന്റ് വിംഗ് പ്രോജക്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡ് ഫണ്ട് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്നു. ഈ സംവിധാനം വഴി നിയമലംഘകരെ കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനും കഴിയുന്നുണ്ട്. പോലീസ് വകുപ്പ് സംസ്ഥാന/ദേശീയ ഹൈവേകളിലും മറ്റ് റോഡുകളിലുമായി സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകൾ വഴിയും തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ സ്ഥാപിച്ചിട്ടുള്ള ഹൈടെക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂം വഴിയും പരിശോധന നടത്തി വേഗതാപരിധി ലംഘിക്കുന്ന വാഹനങ്ങളുടെ ഉടമകളിൽനിന്നും പിഴ

ഈടാക്കുന്നുണ്ട്.

## (13) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരിയിലെ പെരിക്കല്ലൂരിൽ ക്രിസ്ത്യൻ പള്ളിക്കമ്മിറ്റി സൗജന്യമായി നൽകാമെന്ന പറഞ്ഞ സ്ഥലത്ത് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (14) തൊഴിലുറപ്പു പദ്ധതിയിൽ കാർഷിക മേഖലയെ ഉൾപ്പെടുത്തൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കാർഷിക-പരമ്പരാഗത-മൃഗസംരക്ഷണ മേഖലകളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും വേതന കുടിശ്ശിക നൽകുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): തൊഴിലുറപ്പു പദ്ധതിയുടെ 2013 മാർച്ച് മാസം വരെയുള്ള വേതന കുടിശ്ശിക കൊടുത്തു തീർത്തു. കാർഷിക-പരമ്പരാഗത-

മൃഗസംരക്ഷണ മേഖലകളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ആവശ്യപ്പെടുന്നതാണ്.

## (15) ഇറാഖിലകപ്പെട്ട നഴ്സുമാർ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ആഭ്യന്തര കലാപംമൂലം ഇറാഖിലെ ഹബീബ നഗരത്തിലും തിക്രിത്തിലും ബാഗ്ദാദിലും കുടുങ്ങിക്കിടക്കുന്ന മലയാളി നഴ്സുമാരെയും മറ്റ് മലയാളികളെയും നാട്ടിലെത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : ഗവൺമെന്റ് പ്രശ്നത്തിന്റെ ഗൗരവമുൾക്കൊണ്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ദിവസേന ഇറാഖിലെ അംബാസിഡറുമായും നഴ്സുമാരുടെ പ്രതിനിധികളുമായും ആശയവിനിമയം നടത്തുന്നുണ്ട്. നോർക്കയുടെ ഹെൽപ്പ് ഡെസ്കിൽ 204 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവരിൽ പലർക്കും പല കാരണങ്ങളാൽ മടങ്ങിവരാൻ താത്പര്യമില്ല. കേന്ദ്ര ഗവൺമെന്റിനോട് ഇവരെ മടക്കിക്കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇറാഖിലെ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമായാലുടൻ വരാൻ ആഗ്രഹമുള്ള എല്ലാവരെയും നാട്ടിലെത്തിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

## (16) 'കാവിൽ'-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. എ. റ്റി. ജോർജ് : അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി

രൂപം നൽകിയ 'കാവിൽ'-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): അലങ്കാര മത്സ്യ ഉത്പാദന വിപണന മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 2007-ൽ ആരംഭിച്ച 'കാവിൽ' കമ്പനിയെ സർക്കാർ ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഏജൻസികളുടെ ധനസഹായത്തിനായി 37 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചു കഴിഞ്ഞു. നെയ്യാർ ഡാമിലെ സാറ്റലൈറ്റ് ഫാമിന്റെ പ്രവർത്തനങ്ങൾക്കായി 6.60 കോടി രൂപയുടെ പദ്ധതിയും പരപ്പനങ്ങാടിയിലെ ഉള്ളാളം ഫാം പ്രവർത്തന സജ്ജമാക്കുന്നതിന് 7.5 കോടി രൂപയുടെ പദ്ധതിയും ആർ.കെ.വി.വൈ യുടെ സജീവ പരിഗണനയിലുണ്ട്. 133.55 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. എൻ.എഫ്.ഡി.ബി. സഹായവും പ്രതീക്ഷിക്കുന്നു. 1200 കർഷകർക്ക് അലങ്കാര മത്സ്യ ഉത്പാദനത്തിൽ പരിശീലനവും ഹോംസ്റ്റെഡ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായവും നൽകുന്നുണ്ട്. തീരദേശ വികസന കോർപ്പറേഷൻ ഒരു കോടി രൂപ പലിശ രഹിത വായ്പ 'കാവിൽ'-ന് നൽകിയിട്ടുണ്ട്. 'കാവിൽ'-നെ പുനരുദ്ധരിക്കുന്നതിനുള്ള

നടപടിയും സ്വീകരിച്ചുവരുന്നു.

## (17) അഴീക്കോട് - മുനമ്പം ജങ്കാർ സർവ്വീസ്

ശ്രീ. വി. എസ്. സുനിൽകുമാർ: തൃശ്ശൂർ എറണാകുളം ജില്ലകളെ ബന്ധിപ്പിക്കുന്ന ജലഗതാഗത മാർഗ്ഗമായ അഴീക്കോട്-മുനമ്പം ജങ്കാർ സർവ്വീസ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 2008-ൽ സുനാമി ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ, തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൃശ്ശൂർ ജില്ലയിലെ അഴീക്കോട് നിന്ന് എറണാകുളം ജില്ലയിലെ മുനമ്പത്തേയ്ക്ക് സർവ്വീസ് നടത്തിയിരുന്ന ജങ്കാറിന്റെ എഞ്ചിൻ തകരാറും സ്ട്രക്ച്ചറൽ തകരാറുകളുമുൾപ്പെടെയുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി കൊച്ചിൻ ഷിപ്യാർഡിൽ നടന്നുകൊണ്ടിരിക്കുന്ന അറ്റകുറ്റപ്പണികൾ 30-06 -2014-ന് മുമ്പായി തീർത്ത് ജങ്കാർ ജില്ലാ പഞ്ചായത്തിന് കൈമാറുമെന്നാണ് അറിയിച്ചിരിക്കുന്നത്. ജങ്കാറിന് പകരം ബോട്ട് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. അയ്യായിരം രൂപവരെയുള്ള അറ്റകുറ്റപ്പണികൾ കരാറുകാരനാണ് ചെയ്യേണ്ടത്. അത് മോണിട്ടർ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകുന്നതാണ്.

## (18) മരുന്നുക്ഷാമം

<u>ശ്രീ. വി. ഡി. സതീശൻ</u>: സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഉണ്ടായിട്ടുള്ള മരുന്നുക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ)</u>: സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാണ്. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2014-വർഷത്തേയ്ക്കാവശ്യമായ മരുന്നും കൺസ്യൂമബിൾസും വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (19) <u>കാൻസർ സ്പെഷ്യാലിറ്റി സെന്റർ</u>

<u>ശ്രീ. പി. റ്റി. എ. റഹീം</u>: കോഴിക്കോട് ജില്ലയിലെ മാവൂരിൽ കാൻസർ ചികിത്സയ്ക്കായി ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കുന്നതിനായി ലഭിച്ച സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പങ്കെടുക്കുന്ന ഒരു യോഗം വിളിച്ചുകൂട്ടണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കോഴിക്കോട് ജില്ലയിൽ കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സൗജന്യമായി ലഭിച്ച ആറര ഏക്കർ സ്ഥലവും കെട്ടിടവും മലബാർ കാൻസർ സെന്ററിന് മുപ്പത് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവിടെ ഒരു സബ്സെന്റർ സ്ഥാപിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടെന്ന് മലബാർ കാൻസർ സെന്റർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിന്റെ ഒരു സെന്റർ ഇവിടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (20) ചമ്രവട്ടം അയ്യപ്പക്ഷേത്ര പുനർനിർമ്മാണം

ഡോ. കെ. ടി. ജലീൽ: മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ കത്തിനശിച്ച ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മലപ്പുറം ജില്ലയിൽ കത്തിനശിച്ച ചമ്രവട്ടം അയ്യപ്പക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുകയും ക്ഷേത്രത്തിന്

മതിയായ ഫണ്ട് ഇല്ലാത്തതിനാൽ 2012-2013 സാമ്പത്തിക വർഷം 15 ലക്ഷം രൂപയും 2013-2014 സാമ്പത്തിക വർഷം 5 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷം 10 ലക്ഷം രൂപയും അനുവദിച്ചു. മലബാർ ദേവസ്വം കമ്മിറ്റിയിൽനിന്നും കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (21) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമനം

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ 8 ഡോക്ടർമാരുടെയും 15 നഴ്സുമാരുടെയും തസ്തികകൾ ഉൾപ്പെടെ 40 തസ്തികകൾ നിലവിലുണ്ട്. ഒരു സിവിൽ സർജന്റെ തസ്തികയിൽ മാത്രമാണ് ഒഴിവുള്ളത്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന് ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്.

## (22) പാറ്റൂർ ഭൂമിയിടപാട്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പാറ്റൂർ ഭൂമിയിടപാട് സംബന്ധിച്ചും ചീഫ് സെക്രട്ടറിയുടെ സ്വത്ത് വിവരങ്ങൾ സംബന്ധിച്ചും മുഴുവൻ

രേഖകളും സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): വഞ്ചിയൂർ വില്ലേജിലെ പാറ്റൂരിൽ ആവൃതിമാൾ, ആർടെക് എന്നീ കമ്പനികൾ ചേർന്ന് നിർമ്മാണപ്രവർത്തനം തുടങ്ങിയ ഭൂമിയിൽ പുറമ്പോക്ക് ഭൂമിയുണ്ടോയെന്ന് അന്വേഷിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ ഒരു കത്തിലൂടെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, വിജിലൻസ് ഡയറക്ടർ, ആർ.ഡി.ഒ., ലാന്റ് റവന്യൂ കമ്മീഷണർ തുടങ്ങിയവർ വ്യത്യസ്തമായ അന്വേഷണങ്ങൾ നടത്തുകയും വില്ലേജ് റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ ഒരു സർവ്വേ വെരിഫിക്കേഷൻ നടത്തിയാൽ മാത്രമേ വ്യക്തത വരുത്താൻ കഴിയുകയുള്ളൂവെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഇക്കാര്യത്തിൽ ഒരു ഉന്നതതല അന്വേഷണം വേണമെന്ന് കളക്ടർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധന നടത്താൻ ചീഫ് സെക്രട്ടറിയോട് മുഖ്യമന്ത്രി നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ, ജില്ലാ കളക്ടർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തുടങ്ങിയവരടങ്ങിയ സംഘം സ്ഥലം സന്ദർശിക്കുകയും പൈപ്പ്ലൈൻ കടന്നുപോകുന്ന ഭൂമി സർക്കാർ പുറമ്പോക്ക് അല്ലെന്നും കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പുറമ്പോക്ക് ഉൾപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ പുറമ്പോക്ക്

ഭൂമി കണ്ടെത്തുന്നതിന് സർവ്വേ നടത്തുവാനും ഇത് സംബന്ധിച്ചുള്ള മുഴുവൻ രേഖകളും പരിശോധിക്കുവാനും സർവ്വേ ഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ടും പൈപ്പ് ലൈൻ മാറ്റുന്നതിന് വാട്ടർ അതോറിറ്റി എം.ഡി.-ക്ക് നിർദ്ദേശം നൽകിക്കൊണ്ടും സർക്കാർ കത്ത് നൽകിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കമ്പനിയുടെ കൈവശം അധികഭൂമിയുണ്ടെങ്കിൽ തിരിച്ചുപിടിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറിയെ ഏൽപ്പിച്ച ചുമതല നിറവേറ്റുക മാത്രമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഔദ്യോഗികമായി ഡിക്ലയർ ചെയ്യാത്ത ഒരു സ്വത്തും ചീഫ് സെക്രട്ടറിക്കില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കോഡ് ഓഫ് കോണ്ടക്ടനുസരിച്ച് ഭാര്യയുടെയോ അടുത്ത ബന്ധുക്കളുടേയോ പേരിൽ സ്വത്ത് സമ്പാദിച്ചാൽ വിവരം സർക്കാരിനെ ഇന്റിമേറ്റ് ചെയ്യണമെന്ന് നിബന്ധനയുണ്ട്. ഭാര്യയുടെ പേരിൽ എറണാകുളത്ത് ഫ്ലാറ്റ് വാങ്ങിയപ്പോൾത്തന്നെ അക്കാര്യം അദ്ദേഹം സർക്കാരിനെ ഇന്റിമേറ്റ് ചെയ്തിട്ടുണ്ട്. തൃശ്ശൂർജില്ലയിൽ ചീഫ് സെക്രട്ടറിയുടെ ഭാര്യയുടെ പേരിൽ കുടുംബപരമായി കിട്ടിയ സ്വത്ത് മാത്രമാണുള്ളത്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. പാറ്റൂരിലെ ഭൂമിയുമായി ബന്ധപ്പെട്ട് സർക്കാരിന് അവകാശപ്പെട്ട ഒരിഞ്ച് ഭൂമി പോലും നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2014-2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ വിജിലൻസ്, അഗ്നി പ്രതിരോധവും നിയന്ത്രണവും എന്നീ മൈനർ ഹെഡ്ഡുകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ജൂൺ 26-ാം തീയതി ചർച്ചയ്ക്ക് നിശ്ചയിച്ചിരുന്ന സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ ചർച്ച ജൂലൈ 8-ാം തീയതി വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന ചർച്ച ചെയ്യുന്ന ദിവസത്തേക്ക് സഭയുടെ അംഗീകാരത്തോടെ മാറ്റിവയ്ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും (260,80,47,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (1725,04,52,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം (353,73,48,000 രൂപ)

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത് (2418,60,54,000 രൂപ)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3)

അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. സി. കെ. സദാശിവൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷിക മേഖലയെ മുരടിപ്പിലേക്കും തകർച്ചയിലേക്കും നയിച്ചുകൊണ്ട് ഈ ഗവൺമെന്റ് കർഷകരുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുകയാണ്. നെൽവയലുകൾ അനധികൃതമായി നികത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നില്ല. കുട്ടനാടിന്റെ മുഖച്ഛായ മാറ്റുന്നതിനുവേണ്ടി ഏഴ് വർഷം മുമ്പ് പ്രഖ്യാപിച്ച കുട്ടനാട് പാക്കേജ് പൂർണ്ണമായും നടപ്പിലാക്കണം. തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട്, എ.സി. കനാൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളും ഓണാട്ടുകര പാക്കേജിന്റെ ടെണ്ടർ നടപടിയും പൂർത്തീകരിക്കണം. നെല്ല് സംഭരിച്ച വകയിൽ കൃഷിക്കാർക്ക് ലഭിക്കാനുള്ള 332 കോടി രൂപയും പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് നൽകാനുള്ള 2750 കോടി രൂപയും എത്രയുംവേഗം കൊടുത്തുതീർക്കണം. ഈ സർക്കാരിന്റെ അഴിമതിയും കെടുകാര്യസ്ഥതയുംമൂലം ഖജനാവ് കാലിയായിരിക്കുകയാണ്.

ശ്രീ. പാലോട് രവി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിജിലൻസ് കോടതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കേസ്സുകൾ സമയബന്ധിതമായി

തീർപ്പാക്കണം. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ സ്വതന്ത്ര വകുപ്പായി നിലനിർത്തുന്നതിനും സ്റ്റേറ്റ് വിജിലൻസ് കമ്മീഷണറേറ്റും വിജിലൻസ് പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉല്പാദന/സംഭരണ/സംസ്കരണ/വിപണന മേഖലകളിൽ കൃഷിക്കാരുടെ പങ്കാളിത്തം ഉറപ്പാക്കി ലാഭം കൃഷിക്കാരന്റെ അവകാശമാക്കിയ സർക്കാരാണിത്. സർക്കാർ സബ്സിഡിയോടുകൂടി സ്വയംസഹായ സംഘങ്ങൾവഴി പാട്ടക്കൃഷി വ്യാപിപ്പിച്ച് തരിശുരഹിത ഗ്രാമം പദ്ധതി നടപ്പാക്കിയത് അഭിനന്ദനീയമാണ്. ഹരിത ഗ്രാമം പദ്ധതി വ്യാപിപ്പിക്കണം. നീര ഉല്പാദനം വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. റബ്ബർ കർഷകർക്ക് ന്യായവില ലഭ്യമാക്കണം. കർഷകർക്ക് ഹൈടെക് കൃഷി സമ്പ്രദായം പ്രാവർത്തികമാക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും പരിശീലനവും നൽകണം. നെടുമങ്ങാട് അഗ്രി മാളിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരള സ്റ്റേറ്റ് ഹോർട്ടി കോർപ്പിന്റെയും ഹോർട്ടികൾച്ചർ മിഷന്റെയും പ്രവർത്തനം കാര്യക്ഷമമാക്കണം. ഫാമുകളിലെ തൊഴിലാളി പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണം. സ്വകാര്യ

പ്രസ്സുകളെ ആശ്രയിക്കാത്ത വിധത്തിൽ അച്ചടിവകുപ്പിൽ ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനും സാങ്കേതിക വിജ്ഞാനമുള്ളവരെ നിയമിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന റോഡുകൾ നിരന്തരമായി വെട്ടിപ്പൊളിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. എം.എൽ.എ.മാർക്ക് കുടുംബമായി താമസിക്കാനാവശ്യമായ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനും കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. അജിത്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നെൽപ്പാടങ്ങൾ വ്യാപകമായി നികത്തുന്നത് തടയുന്നതിനോ കർഷകർക്ക് മതിയായ സഹായം കൊടുക്കുന്നതിനോ കൃഷിവകുപ്പ് തയ്യാറാകുന്നില്ല. കാർഷിക മേഖലയിൽ എൽ.ഡി.എഫ്. സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികൾ ഫലപ്രദമായി കൊണ്ടുപോകാൻ ഈ സർക്കാരിന് സാധിക്കുന്നില്ല. പച്ചക്കറികൃഷി വിപുലപ്പെടുത്താനും വിത്തും വളവും മറ്റ് ആനുകൂല്യങ്ങളും കൊടുത്ത് കാർഷികരംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണണം. സാങ്കേതിക പരിജ്ഞാനമുള്ള കൃഷിഓഫീസർമാരെ

നിയമിക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ പാഠ്യപദ്ധതിയിൽ കൃഷി ഒരു നിർബന്ധവിഷയമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം. അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. വൈക്കത്ത് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണം. യാതൊരു സാദ്ധ്യതാപഠനവും നടത്താതെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നടത്തുന്ന ബി.എം.& ബി.സി. വർക്കുകളിൽ നിയന്ത്രണമേർപ്പെടുത്തുന്നതിനും ആസ്തിവികസന ഫണ്ടുപയോഗിച്ചുകൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കുമരകത്തെ ഒരു ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ പരിഗണിച്ച് വൈക്കം-വെച്ചൂർ-കുമരകം റോഡ് അനുവദിക്കുന്നതിനും ചെറിയ പാലങ്ങൾക്കുള്ള ടോൾപിരിവിൽ മാറ്റം വരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. ഷാജി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുറഞ്ഞ ഇന്ധനക്ഷമതയും നിരത്തുകൾക്കനുയോജ്യമായതുമായ വാഹനങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. റോഡുകളുടെ ക്വാളിറ്റി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. അടിക്കടി റോഡുകൾ കുഴിക്കുന്നത് ഒഴിവാക്കാൻ വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ ഉണ്ടാക്കണം. കണ്ണൂർ

നഗരത്തിന് സമാന്തരമായി ബൈപ്പാസ് അടക്കമുള്ള പുതിയ റോഡുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം. ആസ്തി വികസനവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളിന്മേൽ ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കണം. പി.ഡബ്ല്യു.ഡി. മാന്വൽ കാലാനുസൃതമായി പരിഷ്ക്കരിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. ബസ്ബേകളുടെ നിർമ്മാണം, ട്രാഫിക് മാനേജ്മെന്റ്, റോഡുകൾ സംരക്ഷിക്കുന്നതിന് ജില്ലാതല സംവിധാനം എന്നിവ ആവിഷ്ക്കരിക്കാനും സ്കൂൾ പാഠ്യപദ്ധതിയിൽ ഗതാഗത നിയമങ്ങൾ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. ഹൈടെക് ഫാമിംഗ് പദ്ധതി, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ പ്രത്യേകം ശ്രദ്ധേയമാണ്. കാട്ടാമ്പള്ളിയിലെ കൈപ്പാടത്ത് ആരംഭിച്ച കൃഷി കൂടുതൽ സജീവമാക്കാനും കോഴിഫാമുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപ്പര്യം വളർത്താനുതകുന്ന പദ്ധതിക്ക് രൂപം നൽകാനും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി ഫയർ സർവ്വീസ് രംഗത്തെ കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. നാണു</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാഷണൽ

ഹൈവേയ്ക്കായി ഭൂമി വിട്ടുനൽകിയവർക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണം. റോഡ് വികസനത്തിനായി കേരളത്തിന് അർഹമായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിലെ നടപടിക്രമങ്ങൾ ലഘൂകരിക്കണം. കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തുതീർക്കണം. കർഷകർക്ക് നെല്ലിന്റെ സംഭരണവില സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കണം. രാസവളങ്ങൾ ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി നിരുത്സാഹപ്പെടുത്തണം. ഫയർ സ്റ്റേഷനുകളിൽ കാലോചിതമായ ഉപകരണങ്ങൾ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. എഫ്. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിജയകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടാണ് പൊതുമരാമത്ത്-കൃഷി-മൃഗസംരക്ഷണ വകുപ്പുകൾ മുന്നോട്ടുപോകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം വാങ്ങിയെടുക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് റിക്കാർഡാണ് നേടിയിട്ടുള്ളത്. സംസ്ഥാനത്തെ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്

ശ്ലാഘനീയമാണ്. കൃഷിമേഖലയുടെ വളർച്ചയിൽ നിലനിന്നിരുന്ന മുരടിപ്പിന് അറുതിവരുത്താനും ആശാവഹമായ പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിച്ചു. 'നീര' ഉൽപ്പാദിപ്പിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ക്ഷീരവികസന രംഗത്ത് വൻമാറ്റമുണ്ടായിട്ടുണ്ട്. പാൽ ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കാനുള്ള പരിപാടി നടപ്പിലാക്കണം. കേന്ദ്ര ഗവൺമെന്റ് പിന്തുടരുന്ന നയങ്ങളുടെ ഫലമായി ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കാനും അവസരത്തിനൊത്ത് ഉയർന്നുപ്രവർത്തിക്കാനും സംസ്ഥാന ഗവൺമെന്റിന് കഴിയണം. കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. നെല്ലിന്റെ സംഭരണ വില കർഷകർക്ക് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി പ്രവൃത്തിപഥത്തിലെത്തിക്കാൻ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തണം.

ശ്രീ. ജോസഫ് വാഴക്കൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത്-കൃഷി-മൃഗസംരക്ഷണം എന്നീ വകുപ്പുകൾ അവിസ്മരണീയമായ

പദ്ധതികളാണ് സംസ്ഥാനമൊട്ടാകെ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. മൂവാറ്റുപുഴയിൽ നടത്തിയ കാർഷികമേള ജനപങ്കാളിത്തംകൊണ്ടും കൃഷി വകുപ്പിന്റെ സമ്പൂർണ്ണമായ സഹകരണംകൊണ്ടും ശ്രദ്ധ നേടുകയുണ്ടായി. പൈനാപ്പിൾ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ നിസ്സീമമായ പ്രവർത്തനമാണ് കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പൈനാപ്പിൾ കൃഷിയുടെ വ്യാപനത്തിനായി കേരള പൈനാപ്പിൾ മിഷൻ എന്ന പദ്ധതിക്ക് തുടക്കം കുറിച്ച നടപടി ആശാവഹമാണ്. വാഴക്കുളം ആഗ്രോ ആൻറ് ഫ്രൂട്ട്സ് പ്രോസസ്സിംഗ് കമ്പനി എന്ന പൊതുമേഖലാ സ്ഥാപനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണം. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് പോളി ഹൗസുകളും നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നാളികേര ബയോ പാർക്കുകളും സ്ഥാപിക്കണം. നീരയുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും കേരസമൃദ്ധി, ഗോവർദ്ധിനി തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുകയും വേണം. കാലിത്തീറ്റ വില വർദ്ധനവ് തടയുന്നതിന് കേരള ഫീഡ്സിന് സാമ്പത്തിക സഹായം നൽകണം. സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. പ്രകൃതിദുരന്തങ്ങൾമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

അനുവദിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവഴിക്കുന്നതിന് പി.ഡബ്ല്യു.ഡി.-ക്ക് സാധിച്ചു എന്നത് അഭിമാനാർഹമാണ്. മിഷൻ 676 -ലൂടെ 14500 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് രൂപം നൽകി. മിക്കവാറും റോഡുകൾ ബി.എം. & ബി.സി. ആക്കി മാറ്റുന്നതിനും ഗ്രാമീണ റോഡുകളുടെ വൺടൈം ടാറിംഗ് നടത്തുന്നതിനും പി.ഡബ്ല്യു.ഡി.-ക്ക് സാധിച്ചിട്ടുണ്ട്. ദീർഘനാളായി നിലനിന്നിരുന്ന പി.ഡബ്ല്യു.ഡി. മാനുവൽ പരിഷ്കരിച്ചത് സ്വാഗതാർഹമാണ്. നബാർഡ്, കെ.എസ്.ടി.പി. തുടങ്ങിയ സ്ഥാപനങ്ങൾ വഴിയുള്ള പൊതുമരാമത്ത് പണികളും കാര്യക്ഷമമായി നടക്കുന്നുണ്ട്. കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റ് ടീം നിലവിലുള്ളതുപോലെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലും ഒരു ടീം രൂപീകരിക്കണം. കൂടുതൽ വിജിലൻസ് കോടതികൾ അനുവദിക്കുന്നതിനും കമ്മീഷൻ രൂപീകരിക്കുന്നതിനും പ്രസ്തുത ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി കെ. എസ്. സലീഖ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാടുകളുടെ ഫലമായി കാർഷിക മേഖല പ്രതിസന്ധിയിലാണ്. നികുതിയിനത്തിൽ ഭീമമായ തുക ഈടാക്കുന്നത് കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കും. കർഷക ആത്മഹത്യ തിരിച്ചുവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കൃഷി ഭൂമിയുടെ വിസ്തൃതി നാൾക്കുനാൾ

കുറയുന്നതുകൊണ്ടും ഉത്പാദന ചെലവിനനുസരിച്ച് വരുമാനം ലഭിക്കാത്തതുകൊണ്ടും നെല്ലുൽപ്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനം വളരെയേറെ പുറകോട്ട് പോയിരിക്കുകയാണ്. നെല്ലിന് ന്യായവില ഉറപ്പാക്കാനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാനും കഴിയണം. കർഷകർക്ക് നെല്ലിന് ന്യായവില യഥാസമയം ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് രൂപീകരിക്കണം. നെൽവയലുകളുടെ ഡാറ്റാബാങ്കിന് അന്തിമ രൂപം നൽകണം. നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന തെങ്ങ് കൃഷി പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായ പഠനങ്ങൾ നടത്തണം. സ്വാഭാവിക റബറിന്റെ ഇറക്കുമതിമൂലം കേരളത്തിൽ റബറിന് വിലത്തകർച്ച നേരിടുന്ന സാഹചര്യത്തിൽ ഇറക്കുമതി നയത്തിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ കർഷകർക്ക് പ്രയോജനപ്പെടുന്നുണ്ടോയെന്നുള്ളത് പരിശോധിക്കണം. കുളമ്പുരോഗം ബാധിച്ച് കാലികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ നടപടിയുണ്ടാകണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയ പൊതുമരാമത്ത് വകുപ്പിന്റെ നടപടി ശ്ലാഘനീയമാണ്.

<u>ശ്രീ വർക്കല കഹാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സത്യസന്ധതയും

ഊർജ്ജസ്വലതയുമുള്ള ആളുകളെ നിയമിച്ച് വിജിലൻസ് വകുപ്പിന് പുതിയ മുഖം കൊടുക്കണം. സ്കൂളുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി കൃഷി നടത്തി ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാൻ കഴിഞ്ഞത് ഒരു നേട്ടമാണ്. സംസ്ഥാനത്തുടനീളം റോഡുകൾ സഞ്ചാരയോഗ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് സാധിച്ചു. സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിനായി സ്പീഡ് കേരള പദ്ധതിക്ക് രൂപം നൽകി. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് ശാശ്വതപരിഹാരം കാണുന്നതിനുള്ള മോണോറെയിൽ പദ്ധതിയുടെ ടെണ്ടർ നടപടിക്ക് തുടക്കം കുറിച്ചു. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടം പണി ആരംഭിച്ചു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 8560 കി.മീ. ഗ്രാമീണ റോഡുകളെ മേജർ ജില്ലാ റോഡുകളാക്കി മാറ്റുന്നതിന് സാധിച്ചു. വർഷങ്ങൾക്കുശേഷം പി.ഡബ്ല്യൂ.ഡി. മാനുവൽ പരിഷ്ക്കരിച്ചു. ശബരിമലയിലേക്കുള്ള പാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാൻ സാധിച്ചു. 20 എം.എം. റോഡുകൾക്കുപകരം 40 എം.എം. റോഡുകൾ നിർമ്മിക്കുന്നതിനും വെള്ളം താഴുന്നതിന് സഹായകരമായ രീതിയിൽ ഓടകളുടെ ഇരുവശങ്ങളും കോൺക്രീറ്റ് ചെയ്തശേഷം അടിവശത്ത് പാറച്ചീളുകൾ അടുക്കണമെന്നും പി.ഡബ്ല്യൂ.ഡി.-യ്ക്ക് നിർദ്ദേശം നൽകണം. ടെലിഫോൺ പോസ്റ്റുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, പരസ്യബോർഡുകൾ തുടങ്ങിയവ ലൊക്കേഷൻ ഫിക്സ് ചെയ്തുമാത്രം

റോഡരികിൽ സ്ഥാപിക്കണം.

ശ്രീ. റ്റി. യു. കുരുവിള : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തരിശുഭൂമികളിൽ കൃഷിയിറക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിൽ വളരെയേറെ സാധ്യതകളുള്ള ടൂറിസം, ഐ.ടി. മേഖലകളിൽ കുതിച്ചുചാട്ടം ഉണ്ടാക്കുന്നതിന് അന്തർദ്ദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം. കോതമംഗലം നിയോജക മണ്ഡലത്തിലെ കോതമംഗലം-കാക്കനാട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി നൽകിയവർക്ക് തുക അനുവദിക്കുന്നതിനും പദ്ധതിയുടെ ഭരണാനുമതി പുതുക്കി നൽകുന്നതിനും നടപടി സ്വീകരിക്കണം. തങ്ങളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണത്തിലെ കാലതാമസംമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്നതിനിടയാക്കിയ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥക്കെതിരെ കർശന നടപടി സ്വീകരിക്കണം. അച്ചടി വകുപ്പ് ഡയറക്ടറേറ്റിനായി നിർമ്മിച്ച കെട്ടിടം അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എ. എം. ആരിഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കരാറുകാരുടെ കുടിശ്ശികത്തുക കൊടുത്തുതീർക്കാത്തതു കാരണം പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലാണ്. കേന്ദ്ര ഫണ്ടുപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്നതിന് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന അവസരത്തിൽ തന്നെ

അപ്രോച്ച് റോഡുകളുടെ അലൈൻമെന്റും ഭൂമി ഏറ്റെടുക്കൽ നടപടികളും പൂർത്തിയാക്കണം. പി.ഡബ്ല്യൂ.ഡി. മാനുവൽ പരിഷ്കരണം അടിയന്തരമായി നടപ്പിലാക്കണം. എറണാകുളം നഗരത്തിലെ ഫ്ലൈഓവറുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കണം. നെൽക്കൃഷി വ്യാപകമാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പൗൾട്രി ഫാമുകൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവ് നൽകണം. വെറ്ററിനറി സർവ്വകലാശാലയിൽ ചട്ടവിരുദ്ധമായി എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണം. ഫയർഫോഴ്സ് വകുപ്പിനു വേണ്ടി വാങ്ങിയ ചേസിസുകളും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുവേണ്ടി വാങ്ങിയ വാഹനങ്ങളും തുരുമ്പെടുത്ത് നശിച്ച സംഭവവുമായി ബന്ധപ്പെട്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. അസെറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കണം.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കുന്ന വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം

മെച്ചപ്പെടുത്തിയതും കാർഷിക മേഖലയിലെ വിദഗ്ധരായ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതുതായി 50 അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചതും ക്ഷീരോല്പാദന രംഗത്ത് മൂന്ന് ഡയറി ഫാമുകൾ തുടങ്ങിയതും ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. കേരളാ റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള നഗര റോഡ് വികസനം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ ഉപ്പള ടൗണിനെ ഉൾപ്പെടുത്താനും ദേശീയപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കാനും ടെണ്ടർ നടപടികളിലെ കാലതാമസം ഒഴിവാക്കാനും കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികൾ കാലതാമസില്ലാതെ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി ഗീതാ ഗോപി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അടിസ്ഥാന ഉല്പാദന-തൊഴിൽ മേഖലയായ കൃഷിയെ സംരക്ഷിക്കാത്ത നയസമീപനങ്ങളാണ് സർക്കാർ സ്വീകരിക്കുന്നത്. നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തെ അട്ടിമറിച്ചുകൊണ്ടുള്ള വ്യാപകമായ വയൽ നികത്തൽ തടയുന്നതിനും തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനും കാർഷിക വിഭവങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും വിത്തും വളവും കീടനാശിനികളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനും സമഗ്ര പദ്ധതികൾ ആവിഷ്ക്കരിക്കണം. ഉല്പാദനച്ചെലവ്

കണക്കാക്കി വിളവെടുപ്പുകാലത്തുതന്നെ നാണ്യവിളകൾക്ക് താങ്ങുവില നൽകാനും നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് ലഭിക്കേണ്ട കുടിശ്ശിക എത്രയുംവേഗം കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റുകളിൽ സംവിധാനമുണ്ടാക്കണം. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും ജൈവകൃഷി വ്യാപിപ്പിക്കാനും നടപടി സ്വീകരിക്കണം. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും മൃഗാശുപത്രികളിൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കാനും മരുന്നുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് ഖജനാവിനുണ്ടാകുന്നത്. കരാർ പ്രവൃത്തികളുമായി ബന്ധപ്പെട്ട അഴിമതി അവസാനിപ്പിക്കുകയും ധനസമാഹരണം ഊർജ്ജിതമാക്കുകയും ചെയ്യണം. വൻകിടക്കാരിൽനിന്ന് സർക്കാരിന് ലഭിക്കേണ്ട കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കണം. മരാമത്ത് പ്രവൃത്തികൾക്കായി കൂടുതൽ തുക നീക്കിവയ്ക്കാനും ഈ രംഗത്ത് സ്വകാര്യ മേഖലയുടെ കടന്നുകയറ്റം

അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. വെറ്ററിനറി കോളേജുകളിൽ ചട്ടവിരുദ്ധമായി എൻ.ആർ.ഐ. സീറ്റുകൾ അനുവദിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തണം.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടോൾ ഫ്രീ നമ്പരും ലൈറ്റ്നിംഗ് സ്ക്വാഡും രൂപീകരിച്ച നടപടി സ്വാഗതാർഹമാണ്. കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 2 വിജിലൻസ് കോടതികൾകൂടി ആരംഭിക്കണം. അച്ചടി വകുപ്പിലെ സ്പെഷ്യൽ റൂൾസ് കാലോചിതമായി പരിഷ്കരിക്കുകയും പ്രസ്സുകൾ ആധുനികവത്കരിക്കുകയും ഗവൺമെന്റ് പ്രസ്സുകളിൽ പ്രൊഫഷണലിസം നടപ്പിലാക്കുകയും ചെയ്യണം. ഫയർഫോഴ്സ് വകുപ്പിനെ ആധുനികവത്കരിക്കണം. പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. സമയബന്ധിതമായി പണികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിയമഭേദഗതി ഉണ്ടാകണം. ചെറുകിട കർഷകരുടെ പെൻഷൻ വർദ്ധിപ്പിച്ചതും പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചതും സംയോജിത കന്നുകാലി വികസന പരിപാടി ആവിഷ്കരിച്ചതും സ്വാഗതാർഹമാണ്.

പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കത്തക്കവിധമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനും വിദേശരാജ്യങ്ങളിലേതുപോലുള്ള കന്നുകാലി ഫാമുകൾ സംസ്ഥാനത്ത് ആരംഭിക്കാനും നെൽവയൽ നീർത്തടസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തി മൂന്നുസെന്റുവരെ ഭൂമിയുള്ളവർക്ക് വീട് വയ്ക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ചന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആലത്തൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി അമ്പത് സെന്റ് സ്ഥലം സൗജന്യമായി നൽകണമെന്ന വ്യവസ്ഥയ്ക്ക് മാറ്റംവരുത്തണം. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നിർമ്മാണ സാമഗ്രികളും അസംസ്കൃതവസ്തുക്കളും കുറഞ്ഞവിലയിൽ ലഭ്യമാക്കി നിർമ്മാണമേഖലയെ സംരക്ഷിക്കുന്നതിനും കരാറുകാർക്ക് കുടിശ്ശിക കൊടുത്തുതീർക്കാത്തതിനാൽ ടെണ്ടറുകൾ ഏറ്റെടുക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും റോഡുകൾ, പാലങ്ങൾ തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങളുടെ ഗുണനിലവാര പരിശോധന ആരംഭിക്കുന്നതിനും കൺസ്ട്രക്ഷൻ കോർപ്പറേഷനെ അഴിമതിവിമുക്തമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കണം. റബ്ബർ

കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിനും റബ്ബർ വിലയിടിവ് തടയുന്നതിനും കേന്ദ്ര നയങ്ങളുടെ ഭാഗമായി രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധനവ് തടയുന്നതിനും സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മിഷൻ 676-ൽ ഉൾപ്പെടുത്തി പുതിയയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കാനുള്ള പദ്ധതി വിജയകരമാക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സിവിൽ സർവ്വീസ് രംഗത്തെ അഴിമതി തടയുന്നതിന് ആരംഭിച്ച വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അഴിമതി നിവാരണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താനും അഴിമതിക്കെതിരെ സാമൂഹ്യ അവബോധം വളർത്തിയെടുക്കാനും വേണ്ടിയുള്ള നിരവധി പരിപാടികൾ സംഘടിപ്പിച്ചുവരികയാണ്. ഔദ്യോഗിക രംഗത്തെ അഴിമതികൾ ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് കണ്ടെത്തി കർശന നടപടി സ്വീകരിക്കാൻ ബ്യൂറോയ്ക്ക് കഴിയുന്നുണ്ട്. വിജിലൻസ് നടപ്പാക്കിയ ടോൾ ഫ്രീ നമ്പറും ലൈറ്റ്നിംഗ് സ്ക്വാഡും അഴിമതി വിമുക്തമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം നഗരങ്ങളിലേയ്ക്കുകൂടി ലൈറ്റ്നിംഗ് സ്ക്വാഡ് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ സർക്കാർ

ഓഫീസുകളിൽ നടക്കുന്ന അഴിമതികൾ വെളിപ്പെടുത്തുന്നതിനായി ടോൾഫ്രീ നമ്പർ, ഫേസ്ബുക്ക്, ഗൂഗിൾ, വാട്ട്സ് ആപ്, എസ്.എം.എസ്, വിജിലൻസ് ഇ-മെയിൽ ഐ.ഡി. എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ രണ്ട് വിജിലൻസ് കോടതികൾ സ്ഥാപിക്കാനുള്ള നടപടി പുരോഗമിക്കുകയാണ്. കേസന്വേഷണം ഫലപ്രദമാക്കുന്നതിന് രണ്ട് ഗവൺമെന്റ് പ്ലീഡർമാരെ പ്രത്യേകമായി നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വിവിധ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും മൂവായിരത്തിലധികം മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. സമർത്ഥരും കുറ്റാന്വേഷണത്തിൽ താല്പര്യവുമുള്ള ഉദ്യോഗസ്ഥരെയാണ് വിജിലൻസ് വകുപ്പിന്റെ ഉന്നതസ്ഥാനങ്ങളിൽ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതിലൂടെ അഴിമതി തടയാനും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പ്രധാന സ്ഥാനങ്ങളിൽ നിയമിക്കാതിരിക്കാനും സാധിക്കും. വിജിലൻസ് കേസ്സുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതും സുതാര്യമായ സിവിൽ സർവ്വീസിന്

രൂപം നൽകാൻ പരിശ്രമിക്കുന്നതുമാണ്. ഇടുക്കിയിലെ പട്ടയവുമായി ബന്ധപ്പെട്ട ഫയലുകൾ കേസുകൾ തീരുന്ന മുറയ്ക്ക് മാത്രമേ റവന്യൂ വകുപ്പിന് കൈമാറാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്ത് പുതിയതായി ആറ് ഫയർ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഫയർ ഫോഴ്സിന്റെ സ്ഥിതി ആശാവഹമല്ല. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിലെ നിലവിലുള്ള ഒഴിവുകൾ നികത്തിയാൽ മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ബഡ്ജറ്റ് വിഹിതവും ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ടുമടക്കം 40 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത വകുപ്പിലേക്കായി പുതുതായി നൂറ് വാഹനങ്ങൾകൂടി വാങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും കമ്മ്യൂണിറ്റി ഫയർ ആന്റ് റെസ്ക്യൂ ടീം രൂപീകരിച്ച് അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുവേണ്ടി പുതിയ തലമുറയ്ക്ക് അവബോധം നൽകുന്നതാണ്. വരും ദിവസങ്ങളിൽ കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കികൊണ്ട് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)</u>:

സംസ്ഥാനത്തെ 33,371 കിലോമീറ്റർ റോഡുകളും സെക്രട്ടേറിയറ്റ്, നിയമസഭ, ഹൈക്കോടതി തുടങ്ങിയ മൂവായിരത്തിലേറെ കെട്ടിടങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലാണ് വരുന്നത്. കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ 2670 കോടി രൂപ ചെലവിൽ റോഡുകളുടെ ഉപരിതലം പുതുക്കുകയും 590 കോടി രൂപ ചെലവിൽ 108 പാലങ്ങളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1500 കെട്ടിട നിർമ്മാണങ്ങൾ ഏറ്റെടുക്കുകയുണ്ടായി. അടുത്ത രണ്ടുവർഷത്തിനുള്ളിൽ 4800 കിലോമീറ്റർ റോഡും 40 പാലങ്ങളും നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രധാന റോഡുകളെ തെരഞ്ഞെടുത്ത് ഉന്നത നിലവാരത്തിലെത്തിക്കുക എന്ന ദൗത്യം ഘട്ടംഘട്ടമായി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ മേഖലയിൽ സുസ്ഥിരവും ആസൂത്രിതവുമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള മിഷൻ 676-ന്റെ ഭാഗമായുള്ള 'സ്പീഡ് കേരള' പദ്ധതിക്ക് തുടക്കംക്കുറിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. പദ്ധതികൾ ഒമ്പത് പാക്കേജുകളിലായി വികസിപ്പിക്കുകയാണ്. സംസ്ഥാനത്ത് 54 പുതിയ റെയിൽവേ പാലങ്ങൾ നിർമ്മിക്കാനുള്ള പദ്ധതിക്ക്

തുടക്കം കുറിച്ചിട്ടുണ്ട്. റോഡ് പരിപാലന രംഗത്ത് ഗുണകരമായ മാറ്റമാണ് ഉണ്ടാക്കിയിരിക്കുന്നത്. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ക്വാളിറ്റി സർട്ടിഫിക്കേഷനുള്ള ബില്ലുകൾ മാത്രമേ പൊതുമരാമത്ത് വകുപ്പ് അംഗീകരിക്കുകയുള്ളൂ എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ദേശീയ തലത്തിൽ അംഗീകാരം ലഭിച്ച തിരുവനന്തപുരം നഗര റോഡ് വികസന മാതൃക, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കൊച്ചി, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽക്കൂടി നടപ്പിലാക്കുന്നതാണ്. കോഴിക്കോട് നഗരവികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ടെൻഡർ നടപടികൾ തുടങ്ങുകയും തൃശ്ശൂരിൽ ആദ്യഘട്ടമെന്ന നിലയിൽ പടിഞ്ഞാറേകോട്ട ജംഗ്ഷനിലെ ഫ്ളൈ ഓവർ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും കോട്ടയത്ത് കഞ്ഞിക്കുഴിയിൽ ഫ്ളൈ ഓവർ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കൊടുങ്ങല്ലൂർ, മാഹി, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ദേശീയപാതകളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ ശ്രമം നടത്തുന്നതാണ്. മണ്ണുത്തി-വാളയാർ ദേശീയപാതയുടെ പണി

പൂർത്തിയായിവരുന്നു. എൻ.എച്ച് 17-ൽ തലപ്പാടി മുതൽ കണ്ണൂർ വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. മുപ്പത് മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ 276 കി. മി. റോഡ് കേന്ദ്രസഹായത്തോടെ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എൻ.എച്ച് - 183, എൻ.എച്ച്- 185 എന്നീ രണ്ട് ദേശീയപാതകൾ കൂടി സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളും കെട്ടിടങ്ങളും ഉന്നതനിലവാരത്തിൽ നിർമ്മിക്കുന്നതിന് വിവിധ നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് മുതൽ ബില്ല് തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളും കമ്പ്യൂട്ടർവത്കരിക്കാനും പൊതുമരാമത്തു വകുപ്പിന്റെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പൈലറ്റ് പ്രോജക്ടായി എറണാകുളം, ആലപ്പുഴ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ യന്ത്രമുപയോഗിച്ച് കുഴിയടയ്ക്കുന്ന പ്രവൃത്തികളും ആരംഭിക്കുന്നതാണ്. വിവിധ ഏജൻസികൾ റോഡ് വെട്ടിക്കുഴിക്കുന്നത് നിയന്ത്രിക്കുന്നതിന് നോഡൽ ഏജൻസിയെ നിയോഗിക്കുന്നതാണ്. കെ.എസ്.ടി.പി. ഒന്നാം ഘട്ട റോഡുകളുടെ ഉപരിതലം ലോക ബാങ്ക് സഹായത്തോടുകൂടി പുതുക്കുകയും നാൽപ്പത്തിയഞ്ച് മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ ദേശീയപാതകൾ നാഷണൽ ഹൈവേ അതോറിറ്റിയുടെ പദ്ധതിയിലും ഭൂമി ലഭ്യമാകാത്ത നാഷണൽ ഹൈവേകൾ കേന്ദ ഗവൺമെന്റിന്റെ

ഇടനാഴി പദ്ധതിയിലും ഉൾപ്പെടുത്തി വികസിപ്പിക്കുന്നതാണ്. സ്പീഡ് കേരള പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കും. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരളയുടെ ആഭിമുഖ്യത്തിൽ കായംകുളത്ത് ഒരു പൈലറ്റ് പ്രോജക്ട് തുടങ്ങുന്നതും കോൺട്രാക്ടർമാരുടെ കുടിശ്ശിക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതുമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പുതിയ കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കുലർ കൊടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് റൂൾസ് ഉടൻതന്നെ ഫ്രെയിം ചെയ്യുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നെൽകർഷകർക്കുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമായ തുക ഉടൻതന്നെ നെൽകർഷകരുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): എം.എൽ.എ.-മാർ മുൻകയ്യെടുത്ത് അതത് പ്രദേശത്ത് കൃഷി വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ അതിന് എല്ലാ

സഹായവും ഗവൺമെന്റ് നൽകുന്നതാണ്. മാതൃകാ കൃഷി ഗ്രാമങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ 11-ാം തീയതി നടത്തുന്നതാണ്. ഈ വർഷം എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന അമ്പത് ബ്ലോക്ക് പഞ്ചായത്തുകളിലും അടുത്ത വർഷം മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും ആഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ കരിന്തളം വില്ലേജിൽ ബ്രോയിലർ ബ്രീഡർ ഫാം തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കുളമ്പുരോഗംമൂലം കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കോഴി വളർത്തൽ കൃഷിയിൽ ഉൾപ്പെടുത്തുന്നതിനും കോഴികൃഷി സംബന്ധിച്ച മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും വാറ്റിൽനിന്നും ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി അച്ചടിവകുപ്പിൽ ഓട്ടോമേഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചു. സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അച്ചടി വകുപ്പിന് സ്വന്തമായി വെബ് സൈറ്റ് ആരംഭിക്കുന്നതിനും പേര്, മതം മാറ്റങ്ങൾ തുടങ്ങിയ ഗസറ്റ് സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അച്ചടിവകുപ്പിൽ ദൈനംദിനം ലഭിക്കുന്ന അച്ചടിജോലികൾക്കുപുറമേ പി.ആർ.ഡി., കൃഷി, നിയമം തുടങ്ങിയ വകുപ്പുകളുടെ ന്യൂസ് ലെറ്ററുകളും ഡയറി, കലണ്ടർ, ഹയർ സെക്കണ്ടറി, എസ്.എസ്.എൽ.സി.പരീക്ഷകളുടെ

ഉത്തരക്കടലാസ്സുകൾ, അഡീഷണൽ ഷീറ്റുകൾ മുതലായവയും ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിക്കുന്നു.

പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച കർഷകർക്ക് പ്രത്യേക പാക്കേജ് പ്രകാരമുള്ളതൊഴികെയുള്ള എല്ലാ നഷ്ടപരിഹാരവും കൊടുത്തുതീർത്തു. കൃഷി വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹോർട്ടികോർപ്പിന്റെ 35 മൊബൈൽ വാഹനങ്ങൾ ജൂലൈ 1 മുതൽ നിരത്തിലിറങ്ങും. കേര സമൃദ്ധി പദ്ധതിയിൽ 15 അടി ഉയരത്തിൽ വളരുന്ന മൂന്നുവർഷം കൊണ്ട് ഫലം തരുന്ന തെങ്ങുകളാണ് നൽകുന്നത്. നാളികേര കൃഷി വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് ന്യായവില ലഭിക്കുന്നതിനുംവേണ്ടി കൃഷി ഭവൻ വഴി പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങളുള്ള മുഴുവൻ കൃഷി ഭവനുകളിലും കാർഷികോത്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നാളികേര നീര ബോർഡ് രൂപീകരിക്കുകയും അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായിട്ടുള്ള സമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓഗസ്റ്റ് മാസത്തിൽ കണ്ണൂരിൽ മേഖലാ കൃഷി ഡയറക്ടറേറ്റ് ആരംഭിക്കുകയാണ്. മൈക്രോ ലെവൽ സോയിൽ ഇൻഫർമേഷൻ സിസ്റ്റം, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനിൽ സെന്റർ ഓഫ് എക്സലൻസ് എന്നിവ ഈ വർഷം നടപ്പാക്കുകയും മുഴുവൻ വിദ്യാലയങ്ങളിലും

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുകയും ചെയ്യുന്നതാണ്. കോഴിക്കോട് തിരുവങ്ങൂരിൽ 300 മെട്രിക് ടൺ കാലിത്തീറ്റ ഫാക്ടറിയും മാളയിൽ 300 മെട്രിക് ടൺ കോഴിത്തീറ്റ ഫാക്ടറിയും ആരംഭിക്കുന്നതാണ്. ഗോട്ട് ഡവലപ്മെന്റ് ബോർഡിന്റെ രൂപീകരണം അന്തിമഘട്ടത്തിലാണ്. തൃശ്ശൂരിലെ ചേലക്കരയിൽ കോക്കനട്ട് ബയോപാർക്കും മാവേലിക്കര ഫാമിൽ റൈസ് ബയോപാർക്കും സെപ്റ്റംബർ മാസത്തോടുകൂടി ആരംഭിക്കുന്നതാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു പഞ്ചായത്ത് കേര ഗ്രാമപഞ്ചായത്തായി ഏറ്റെടുക്കുകയും ഗോ വർദ്ധിനി പദ്ധതി നടപ്പാക്കുകയും ചെയ്യുന്നതാണ്. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ എൻ.ആർ.ഐ. സീറ്റുകൾ വർദ്ധിപ്പിച്ചു. നിറവ് പദ്ധതി ആരംഭിച്ചിട്ടില്ലാത്ത എല്ലാ നിയോജകമണ്ഡങ്ങളിലും പദ്ധതി ആരംഭിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): യൂണിവേഴ്സിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ അഫിലിയേറ്റഡ് സ്വാശ്രയ കോളേജുകളിൽ എൻ.ആർ.ഐ. സീറ്റ് വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഗവൺമെന്റ് കോളേജുകളിൽ എൻ.ആർ.ഐ സീറ്റ് ഏർപ്പെടുത്താൻ തീരുമാനമെടുത്തിട്ടില്ല.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും 58-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 6.14-ന് പിരിഞ്ഞു.

******************